# ഭാരതീയ ജനതാ പാർട്ടി

## ദേശീയ കൗൺസിൽ
## തൽക്കത്തോറാ സ്റ്റേഡിയം,
## ന്യൂഡൽഹി, മാർച്ച് 2-3, 2013

### സാമ്പത്തിക പ്രമേയം

പണപ്പെരുപ്പവും അഴിമതിയും യുപിഎ സർക്കാരിന്റെ മുഖമുദ്രയായിരിക്കുന്നു. ഒരു സാമ്പത്തിക ശാസ്ത്രജ്ഞനെന്നു കരുതപ്പെടുന്ന ഒരു പ്രധാനമന്ത്രിയുടെ കീഴിൽ, അദ്ദേഹത്തിന്റെ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിലെ പിടിപ്പു കേടുകൊണ്ട്, എല്ലാ സാമ്പത്തിക മേഖലയും നിപതിച്ചുകൊണ്ടിരിക്കുന്നതിൻെറ ദുരന്തം സാമാന്യ ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്.

സാധാരണക്കാരശന ഏറെ ബാധിക്കുന്ന സാമ്പത്തിക രംഗത്തെ ഈ പതനത്തിൽ ബിജെപി ഏറെ ഉത്കണ്ഠയുണ്ട്. ഈ പരാജയത്തിനു കോൺഗ്രസ് നയിക്കുന്ന യുപിഎ സർക്കാരിന്റെ നയവൈകല്യവും ദിശാബോധമില്ലായ്മയുമാണ് കാരണമെന്നു ബിജെപി വിലയിരുത്തുന്നു.

സാമ്പത്തിക ഭദ്രത-വീണ്ടും പഴയപടി

1998-ൽ ബിജെപി നയിച്ച ദേശീയ ജനാധിപത്യ സഖ്യം അധികാരത്തിലേറിയത് ഏറ്റവും താഴ്ന്ന വളർച്ചാ നിരക്കായ നാലു ശതമാനവും കൊണ്ടാണ്. മൂൻ സർക്കാരിന്റെ ആ വീഴ്ച അർപ്പണത്തോടെയുള്ള പ്രവർത്തനത്തിലൂടെ നീക്കി ഇൻഡ്യയെ സാമ്പത്തിക സൂപ്പർ പവറാക്കി മാറ്റിയതിനു പിന്നിൽ അടൽബിഹാരി വാജ്പേയിയെ പോലൊരു ദീർഘവീക്ഷണക്കാരനായിരുന്നു. അങ്ങനെ ഇൻഡ്യ ആദ്യമായി 8.25 ശതമാനം സാമ്പത്തിക വളർച്ച കൈവരിച്ചു. എന്നാൽ തുടർന്നു വന്ന യുപിഎ സർക്കാർ ആ സാമ്പത്തിക നേട്ടങ്ങളുടെ എതിർദിശയിലാണ് സഞ്ചരിച്ചത്. 10 % വളർച്ചാനിരക്കും 5% പണപ്പെരുപ്പ നിരക്കും പാലിക്കേണ്ടതിനു പകരം നേരേ എതിരായി 10 % പണപ്പെരുപ്പവും 5% വളർച്ചാ നിരക്കും കൈവരിച്ചു ഒമ്പതു വർഷത്തെ ഭരണം കൊണ്ട്. യുപിഎ സർക്കാരും അന്നത്തെ എൻഡിഎ സർക്കാരും തമ്മിലുള്ള ഈ വലിയ അന്തരം തിരിച്ചറിയേണ്ടതുണ്ട്.

സൂക്ഷ്മ ചിത്രം

ലോകമാകെ സാമ്പത്തിക മാന്ദ്യം നേരിട്ടപ്പോഴും ഇൻഡ്യയുടെ സാമ്പത്തിക മേഖലയെ അതു കാര്യമായി ബാധിക്കില്ലെന്നായിരുന്നു നമ്മുടെ ധാരണ. രാഷ്ട്രീയ നേട്ടങ്ങൾക്കായി കേന്ദ്ര സർക്കാർ അങ്ങനെയൊരു പ്രതീതി ഉണ്ടാക്കുകയും ഇൻഡ്യൻ സമ്പദ് രംഗം അടിയുറച്ചതും മാന്ദ്യം പോലുള്ള പ്രശ്നങ്ങൾ ബാധിക്കാത്തതുമാണെന്ന് സർക്കാർ ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്നതു നമ്മൾ വിശ്വസിച്ചു. എന്നാൽ മൂന്നു വർഷം മുമ്പ് ആരംഭിച്ച ആഗോള സാമ്പത്തിക മാന്ദ്യം നേരിടാൻ മറ്റു രാജ്യങ്ങൾ പലതും ചെയ്തെങ്കിലും നമ്മൾ ഇല്ലാത്ത ധൈര്യം പ്രകടിപ്പിച്ചു നിന്നു. ഇപ്പോൾ മറ്റു രാജ്യങ്ങൾ മറികടക്കുന്ന ഘട്ടമെത്തിയപ്പോൾ നമ്മൾ മലർന്നു വീഴുന്ന സ്ഥിതി വിശേഷമെത്തിയെന്നാണ് 2013-ൽ സർക്കാർ അവതരിപ്പിച്ചിരിക്കുന്ന സാമ്പത്തിക സർവേയിലെ കണക്കുകൾ പറയുന്നത്.

വളർച്ചാ നിരക്കിന്റെ കാര്യമെടുക്കാം. എല്ലാ മേഖലയിലും സാമ്പത്തിക വളർച്ച കീഴ്പ്പോട്ടാണെന്നാണ് കാണുന്നത്. ആകെ നോക്കുമ്പോൾ വ്യാവസായിക ഉൽപ്പാദന കണക്കുകൾ കാണിക്കുന്നത് പതനത്തിന്റെ ഗ്രാഫാണ്. ഡിസംബർ 2012-ൽ അത് 0.6 ശതമാനം ആയി. പ്രധാന മേഖലയായ കൽക്കരി, ഖനനം, ഊർജ്ജം, രാസവളം, പ്രകൃതി വാതകം എന്നീ രംഗങ്ങളിലെല്ലാം വളർച്ച പിന്നാക്കമാണ്.

അതേപോലെ, സർക്കാരിന്റെ ധനക്കമ്മി വർദ്ധിച്ച് നിർണ്ണായകമായ നിലയിലെത്തിയിരിക്കുന്നു. നിലവിൽ ധനക്കമ്മി 5.3 ശതമാനത്തോളമാണ്. അത് ഇനിയും ഉയർന്നുകൂടായ്കയില്ല. ഓരോ വർഷവും ധനക്കമ്മി കുറയ്ക്കുമെന്ന് സർക്കാർ വാഗ്ദാനം നൽകുന്നതല്ലാതെ അതിനു ഫലമില്ല. എന്നാൽ സംസ്ഥാനങ്ങളിൽ ധനക്കമ്മി കുറഞ്ഞു വരുന്നുവെന്നതാണ് സകരം. അതിനാൽ കേന്ദ്ര സർക്കാർ മാത്രമാണ് ഇന്ന് രാജ്യം നേരിടുന്ന ധനക്കമ്മി പ്രശ്നത്തിനുത്തരവാദി. അതിനു സംസ്ഥാന സർക്കാരുകളെ പഴി ചാരുന്നതിൽ അർത്ഥമില്ല.

ബിജെപിയുടെ നേതൃത്വത്തിലുള്ള എൻഡിഎ സർക്കാർ ഏറെ ചരിത്രപ്രധാനമായ ഒരു നിയമനിർമ്മാണം നടത്തിയിരുന്നു-ഫിസ്കൽ റസ്പോൺസിബിലിറ്റി ആൻഡ് ബജറ്ററി മാനേജ്മെന്റ് (എഫ്ആർബിഎം) ആക്ട്. ധനക്കമ്മി മൂന്നു ശതമാനത്തിൽ താഴെയൊതുക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയായിരുന്നു അത്. എന്നാൽ പിന്നീടു വന്ന യുപിഎ സർക്കാർ ഈ ചട്ടം കാര്യമായി എടുക്കാനോ അതനുസരിച്ചുള്ള ധനമാനേജ്മെന്റു നിർവഹിക്കാനോ ശ്രമിച്ചില്ല, എന്നാൽ അതു പ്രകാരം നീങ്ങിയ സംസ്ഥാനങ്ങൾക്ക് ലക്ഷ്യം കാണാൻ കഴിയുകയും ചെയ്തു.

കറന്റ് അക്കൗണ്ട് ഡഫിസിറ്റ് (സിഎഡി) ഇന്നിപ്പോൾ മൊത്ത ആഭ്യന്തര ഉൽപ്പാദനത്തിന്റെ 5.4 ശതമാനമായിരിക്കുന്നു, അതാകട്ടെ തീരെ സ്വാഗതം ചെയ്യാനാവാത്തതാണ്. ഈ സ്ഥിതി വിശേഷത്തിനു കാരണം സമ്പാദ്യത്തിലും നിക്ഷേപത്തിലും വന്നു ചേർന്ന നിരക്കിലെ കുറവു സാമ്പത്തിക വളർച്ച കുറച്ചതാണ്. ഇതിനെ ഏറ്റവും മോശമാക്കിയത് കുറഞ്ഞകാലത്തേക്കുള്ള കടം വാങ്ങൽ വഴി സിഎഡി കണ്ടെത്താൻ ശ്രമിച്ചതാണ്. സാമ്പത്തിക കാര്യങ്ങൾ പഠിക്കുന്ന ഒരു കൊച്ചു കുട്ടിക്കുപോലും അറിയാം ഭാവിതലമുറയ്ക്കുള്ള കരുതൽ ധനം ദൈനംദിന ചെലവിനു വിനിയോഗിക്കുന്നത് അപകടകരമായ സ്ഥിതിവിശേഷമുണ്ടാക്കുമെന്ന്.

രൂപയുടെ മൂല്യ ശോഷണം കഴിഞ്ഞ 12 മാസത്തിനിടെ 20 ശതമാനത്തിലേറെയായതിനു കാരണം സിഎഡിയിലെയും ധനക്കമ്മിയിലേയും ഈ വർദ്ധനയാണ്. അതേ സമയം മറ്റു പല രാജ്യങ്ങളിലും നാണയ വിനിമയ മൂല്യം ഡോളറിനെ അതിജീവിച്ചുവെന്നതാണ് വാസ്തവം.

ഇൻഡ്യയുടെ വിദേശ കടം 30 ശതമാനം കൂടി 260 ബിയ്യൺ ഡോളറിൽനിന്ന് 340 ബില്യൺ ഡോളറായി. വിദേശ കരുതൽ ധനത്തേക്കാൾ വിദേശ കടം കൂടുന്നത് രാജ്യത്തിന്റെ ചരിത്രത്തിൽഇതാദ്യമായാണ്.

അന്താരാഷ്ട്ര തലത്തിൽ ഉണ്ടായേക്കാവുന്ന സാമ്പത്തിക പ്രശ്നങ്ങൾക്ക് മുൻകൂറായി സർക്കാർ ധൃതിപിടിച്ച് പല തീരുമാനങ്ങളും കൈക്കൊള്ളുന്നതിന്റെ ഫലം വിവിധ മേഖലയിൽ വൻ വിലവർദ്ധനയെന്ന പ്രശ്നമാണ് ഉണ്ടാക്കുന്നത്. അതിനുമപ്പുറം പദ്ധതി ചെലവു വെട്ടിച്ചുരുക്കുകയെന്ന നടപടിക്കും സർക്കാർ തയ്യാറാകുന്നുണ്ട്. ഇത് ഏറെ അപകടകരമായ സാമ്പത്തിക മാനേജ്മെന്റാണ്. ഇതിന്റെ ആത്യന്തിക ഫലം രാജ്യത്തെ സാമ്പത്തിക രംഗം ആകെ തകരാറിലാകുമെന്നതാണ്. അതിന്റെ സമ്മർദ്ദവും ദുരിതവും അനുഭവിക്കുന്നതാകട്ടെ സാധാരണക്കാരും. ഈ ഖേദകരമായ സ്ഥിതിവിശേഷത്തെ ബിജെപി അതിയായി അപലപിക്കുന്നു.

**<u>പണപ്പെരുപ്പം: യഥാർത്ഥ കൊലയാളി</u>**

പണപ്പെരുപ്പവും വിലനിയന്ത്രണമില്ലായ്മയുമാണ് യുപിഎ സർക്കാരിന്റെ ഏറ്റവും വലിയ പരാജയം. ദൗർഭാഗ്യകരമെന്നു പറയാം ഇത് ഏതെങ്കിലും പ്രകൃതിക്ഷോഭം കൊണ്ടുണ്ടായതല്ല, സർക്കാരിന്റെ സൃഷ്ടിയാണ്. ഭക്ഷ്യവസ്തുക്കളുടെ ആധിക്യം നിലനിൽക്കെയാണിത്. 30 മില്യൺ ടൺ ഭക്ഷ്യവസ്തുക്കൾ വേണ്ടപ്പോൾ യുപിഎ സർക്കാർ സംഭരണശാലകളിൽ സൂക്ഷിച്ചിരിക്കുന്നത് 70 മില്യൺ ടണ്ണാണ്. വൈരുദ്ധ്യമെന്നു പറയാം, ഈ ഭക്ഷ്യവസ്തുക്കൾ ലക്ഷക്കണക്കിനു കുട്ടികൾ പോഷകാഹാരക്കുറവനുഭവിക്കുന്നെങ്കിലും അവർക്കു നൽകുന്നില്ല. പകരം വിദേശ രാജ്യങ്ങളിൽ കാലികൾക്കു കഴിക്കാൻ കയറ്റി അയക്കുന്നു, അല്ലെങ്കിൽ മദ്യം ഉൽപ്പാദിപ്പിക്കാൻ ഉപയോഗിക്കുന്നു.

ജനങ്ങൾ വിലക്കയറ്റത്തിന്റെ പ്രതിസന്ധിയിൽ വീർപ്പുമുട്ടുമ്പോൾ അതിനു പരിഹാരം കാണേണ്ട സർക്കാർ ഇന്ധന വിലകുത്തനെ കൂട്ടുകയായിരുന്നു. ഡിസൽ വില അഞ്ചു രൂപ കൂട്ടി. പിന്നെ 10 രൂപ കൂട്ടി. ബജറ്റവതരിപ്പിക്കെ പിന്നെയും വിലകൂട്ടി.

പണപ്പെരുപ്പം കൂടിയതനുസരിച്ച് പാവപ്പെട്ട ഇടത്തരക്കാരുടെ വരുമാനം കൂടിയില്ല. സ്ത്രീകളാണ് ഈ വിലക്കയറ്റത്തിന്റെ ഏറ്റവും വലിയ ഇരകൾ.

അടിയന്തിരമായി ഇന്ധന വിലകളും റയിൽ ചാർജ്ജ് വർദ്ധനയുമടക്കം വർദ്ധിപ്പിച്ചതെല്ലാം പഴയപടിയാക്കാൻ ബിജെപി ആവശ്യപ്പെടുന്നു.

സർക്കാരിന്റെ തൊഴിലാളി വിരുദ്ധ നയങ്ങൾക്കെതിരേയാണ് രണ്ടു ദിവസം രാജ്യവ്യാപകമായി 50 മില്യൺ തൊഴിലാളികൾ പണിമുടക്കിയത്. തൊഴിലില്ലാത്തവർക്കെല്ലാം തൊഴിലും ശമ്പളവും സാമൂഹ്യ സുരക്ഷയും ഉറപ്പാക്കണമെന്ന് ബിജെപി ആവശ്യപ്പെടുന്നു.

കൊള്ള തുടരുന്നു

കോൺഗ്രസ് അഴിമതിയുടെ പര്യായമായി മാറിക്കഴിഞ്ഞു.  കോമൺ വെൽത്ത് ഗെയിംസ്, ടുജി,കൽക്കരിപ്പാടം, ഹെലികോപ്റ്റർ, ഇപ്പോഴത്തെ കടാശ്വാസ പദ്ധതി, ഇവയിലൂടെല്ലാം പൊതുഖനാവിലെ പണം കുറച്ച് അനർഹർക്കാണു കിട്ടിയിരിക്കുന്നത്. മാത്രമല്ല, കോപ്റ്റർ അഴിമതിയിലെ ദുരൂഹത മുഴുവൻ ഒരു 'കുടുംബത്തെ' ചുറ്റിപ്പറ്റിയാണു നിലനിൽക്കുന്നത്.

യുപിഎയും എൻഡിഎയും

മുൻ സർക്കാർ നൽകിയ മോശം സാമ്പത്തികാവസ്ഥയിൽ നിന്ന് തങ്ങൾ തുടങ്ങേണ്ടി വന്നെന്ന്  കുറ്റപ്പെടുത്തുകയാണ് മുമ്പ് സർക്കാർ ചെയ്തത്. 1991 മൻമോഹൻ സിംഗ് പറഞ്ഞത് മുൻ സർക്കാരിൽ നിന്നു ലഭിച്ചത് മോശം സമ്പദ്വ്യവസ്ഥയാണെന്നാണ്. 2004 മുതൽ അധികാരത്തിലിരിക്കുന്ന യു.പി.എയ്ക്ക് ഇനി ആ മുടന്തൻ ന്യായം പറയാൻ കഴിയില്ല. ഇനി അവർക്ക് പറയാൻ കഴിയുന്ന ഏക ന്യായം ആഗോള സാമ്പത്തിക പ്രതിസന്ധിയാണ്. അതാണ് അവർ ചെയ്യാൻ ഉദ്ദേശിക്കുന്നതും. പക്ഷേ ആ ന്യായവാദം സ്വീകരിക്കാൻ ആളുണ്ടാകില്ലെന്നു മാത്രം.

മുമ്പ് സാമ്പത്തിക പ്രതിസന്ധിയുണ്ടായപ്പോൾ നയപരമായ തീരുമാനങ്ങളെടുക്കാൻ സർക്കാരിന് ലഭ്യമായിരുന്ന സ്വാതന്ത്ര്യം ഇപ്പോൾ ലഭ്യമല്ല. ഇപ്പോഴത്തെ പ്രതിസന്ധി മറികടക്കാൻ ഹ്രസ്വകാല നടപടികളല്ലാതെ മറ്റൊന്നും യുപിഎ സർക്കാർ ചെയ്യുന്നില്ല.

കഴിഞ്ഞ വർഷം സെപ്റ്റംബർ 21 ന് നടത്തിയ പ്രസംഗത്തിൽ പ്രധാനമന്ത്രി രാജ്യത്തെ സാമ്പത്തികാവസ്ഥ വിലയിരുത്തുകയുണ്ടായി. ഉയർന്ന ധന കമ്മി പണപ്പെരുപ്പത്തിനും വളർച്ച മുരടിപ്പിനും കാരണമാകുമെന്ന് അദ്ദേഹം വിലയിരുത്തിയത് ശരിയായി തന്നെയാണ്. 1991 നു ശേഷമുള്ള ഏറ്റവും കടുത്ത പ്രതിസന്ധിയാണ് ഇതെന്ന് അദ്ദേഹം പറഞ്ഞു. 2004 ജൂലൈയിൽ ആദ്യത്തെ സാമ്പത്തിക സർവേ അവതരിപ്പിച്ചുകൊണ്ട് ധനമന്ത്രി പി. ചിദംബരം പറഞ്ഞതിനെ ഇതുമായി താരതമ്യം ചെയ്തു നോക്കൂ. സമ്പദ്‌വ്യവസ്ഥ കരകയറി വരികയാണെന്നും എല്ലാ മേഖലകളും മികച്ച പ്രകടനം കാഴ്ചവയ്ക്കുകയാണെന്നുമാണ് അദ്ദേഹം പറഞ്ഞത്. കാർഷിക, വ്യാവസായിക വളർച്ച മികച്ചതും പണപ്പെരുപ്പം നിയന്ത്രണത്തിലുമാണ്. മുന്നേറ്റത്തിന്റെ വേഗം കാത്തുസൂക്ഷിക്കുക മാത്രമാണ് ഏക വെല്ലുവിളിയെന്നും പറഞ്ഞു. അന്നത്തെ അഭിവൃദ്ധിയിൽ നിന്ന് 1991 ലേതു പോലുള്ള അവസ്ഥയിൽ രാജ്യത്തെ എത്തിച്ചത് യു.പി.എ സർക്കാരിന്റെ പ്രവർത്തനം മാത്രമാണ്. വെയിലുള്ളപ്പോഴാണ് പുര മേയേണ്ടതെന്ന് ഏതു കിഴവനുമറിയാം. 2004 മുതൽ 2007 വരെ ഊർജിതമായ വളർച്ചയുടെ കാലമായിരുന്നു. കൊള്ളാവുന്ന ധനസ്ഥിതിയും അനുകൂലമായ ആഗോള സ്ഥിതിയുമുണ്ടായിരുന്നു. എന്നാൽ, മഴക്കാലത്തേക്കു വേണ്ടി സർക്കാർ യാതൊന്നും ചെയ്തില്ല.

ധനവിനിയോഗം

2008 ലെ യു.എസ് പ്രതിസന്ധി അവസരമായി കണ്ട സർക്കാർ രാജ്യത്തിന്റെ സമ്പത്ത് രാഷ്ട്രീയ താത്പര്യങ്ങൾക്കു വേണ്ടി ചെലവഴിച്ചു. 2009 ലെ തിരഞ്ഞെടുപ്പിനു മുമ്പ് സർക്കാർ നടത്തിയ ധൂർത്തു മൂലം ആറു മാസം കൊണ്ട് ധന കമ്മി രണ്ടു ലക്ഷം കോടി രൂപ വർധിച്ചു. മുമ്പുണ്ടായിരുന്നതിന്റെ ഇരട്ടിയിലധികമാണിത്. പ്രതീക്ഷിച്ചതു പോലെ, ഇത്രയധികം പണം ഉൾക്കൊള്ളാൻ സമ്പദ്‌വ്യവസ്ഥയ്ക്കു സാധിച്ചില്ല. പണപ്പെരുപ്പം കുത്തനെ ഉയരുകയായിരുന്നു ഫലം. അതിനു ശേഷം മൊത്തവില സൂചിക (ഡബ്ളിയു.പി.ഐ) 8 ശതമാനത്തിനു മുകളിലാണ്. ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം രണ്ടക്കത്തിനു മുകളിലായി.

ധനസ്ഥിതി – പണപ്പെരുപ്പം – സാമ്പത്തിക വളർച്ചാ ബന്ധത്തെക്കുറിച്ച് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടിയത് ശരിയായി. പക്ഷേ ആരാണിതിന് ഉത്തരവാദി? അവർക്ക് സംശയത്തിന്റെ ആനുകൂല്യം പോലും നൽകാൻ നമുക്ക് കഴിയില്ല. കാരണം, അവർക്ക് നല്ല ബോധ്യമുണ്ടായിരുന്നു. അവർ സമ്പദ്‌വ്യവസ്ഥയെ ദുരുപയോഗം ചെയ്തു.

ധനമന്ത്രിക്ക് ഇപ്പോൾ എന്തു ചെയ്യാൻ കഴിയും? അദ്ദേഹം ധനവിനിയോഗം ഒരു ലക്ഷം കോടി രൂപയെങ്കിലും വെട്ടിച്ചുരുക്കുമെന്നും ആസൂത്രിതമായ ചെലവുകളിൽ അഞ്ചു ശതമാനം വർധനയ്ക്കു മാത്രമേ സാധ്യതയുള്ളൂവെന്നും മാധ്യമങ്ങൾ വിലയിരുത്തുന്നു. ധനവിനിയോഗം കുത്തനെ വെട്ടിക്കുറച്ചാൽ അത് ആവശ്യകതയ്ക്കു മേൽ പ്രതികൂല സ്വാധീനമുളവാക്കും. സാമ്പത്തിക മാന്ദ്യത്തിന്റെ അവസ്ഥയിൽ ധനവിനിയോഗം പ്രധാനമാണ്. ഹ്രസ്വകാല നടപടികൾ മാത്രമേ സാധിക്കൂ എന്ന് ഞാൻ പറഞ്ഞതിന്റെ അർഥമിതാണ്.

ധനവിനിയോഗം ഫലപ്രദമാക്കാൻ കഴിഞ്ഞ ഒമ്പതു വർഷവും സർക്കാർ യാതൊന്നും ചെയ്തില്ല എന്നതാണ് ഞാൻ പറയാൻ ഉദ്ദേശിക്കുന്ന പ്രധാന കാര്യം. ധനവിനിയോഗത്തിന്റെ ഗുണനിലവാരം നോക്കാതെ അവർ ധാരാളിത്തം കാട്ടി. ഇപ്പോൾ അവർ ചെലവു വെട്ടിച്ചുരുക്കാൻ നിർബന്ധിതരായിരിക്കുന്നു.

പക്ഷേ, ചിദംബരം തന്റെ സ്വപ്നമായ ഭക്ഷ്യസുരക്ഷാ ബിൽ പ്രഖ്യാപിച്ചാൽ അതിനർത്ഥം ധനവിനിയോഗത്തിൽ ഒരു ലക്ഷം കോടി രൂപയുടെ വർധനയെന്നാണ്. അതിനുള്ള ശേഷി നമുക്കുണ്ടോ? അതിനാൽ ധനമന്ത്രി നേരിടുന്ന വെല്ലുവിളി, ജനപ്രിയ നടപടികളും വിവേകപൂർവമായ സാമ്പത്തിക നടപടികളും തമ്മിൽ സന്തുലനം കണ്ടെത്തുക എന്നതാണ്. ധനവിനിയോഗം ചുരുക്കുന്നതിന് ഞാൻ അനുകൂലമാണ്. പക്ഷേ, ചെലവഴിക്കുന്നതിന്റെ ഗുണനിലവാരവും അവർ നോക്കണം. ഉത്പാദനക്ഷമമല്ലാത്ത ധനവിനിയോഗം ചുരുക്കുകയും ഉത്പാദനക്ഷമമായതിനെ വെറുതെ വിടുകയും വേണം.

ഇന്നത്തെ സ്ഥിതി

നികുതികളെ സംബന്ധിച്ചിടത്തോളം സർക്കാരിന് തീരുമാനമെടുക്കാൻ അധികമൊന്നുമില്ല. പ്രത്യക്ഷ നികുതി കോഡ്, വിൽപ്പന നികുതി എന്നിവയെക്കുറിച്ചാണ് നാം ചർച്ച ചെയ്യുന്നത്. സമ്പാദ്യ മേഖലയ്ക്ക് ഇളവ് അനുവദിക്കണമെന്ന് ഞാൻ അധ്യക്ഷനായ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.

സമ്പാദ്യം നമ്മൾ പ്രോത്സാഹിപ്പിക്കണം. ജി.എ.എ.ആർ കോൾഡ് സ്റ്റോറേജിൽ വച്ചിരിക്കുകയാണ്. അതി ധനാഢ്യന്മാർക്കും പൂർവാർജിത സ്വത്തിനും നികുതി ഏർപ്പെടുത്തുമെന്ന് സംസാരമുണ്ട്. രണ്ടിനും ഞാൻ എതിരാണ്. നികുതി ദായകർക്കു മേൽ അധികഭാരം അടിച്ചേൽപ്പിക്കരുത്. നികുതികൾ മിതമായിരിക്കണം.

നിക്ഷേപം പ്രോത്സാഹിപ്പിക്കാൻ ധനമന്ത്രിക്ക് എന്തു ചെയ്യാൻ കഴിയും? അധികമൊന്നുമില്ല. എൻ.ഡി.എയുടെ റോഡ്, ഭവന പദ്ധതികൾ പോലെ അഭിമാനത്തോടെ ചൂണ്ടിക്കാണിക്കാൻ സർക്കാരിന്റെ പക്കൽ ഒന്നുമില്ല. വൈദ്യുതി, വ്യോമയാനം, ടെലികോം, റെയിൽവേ തുടങ്ങിയവയിൽ സംഭവിക്കുന്നത് എന്താണെന്ന് നമുക്കെല്ലാം അറിയാം. അടിസ്ഥാന സൗകര്യ മേഖലയാകെ പ്രശ്നത്തിലാണ്.

ഇന്ത്യൻ വിജയഗാഥയുടെയും ഇന്ത്യയുടെ ആത്മവിശ്വാസത്തിന്റെയും തകർച്ചയാണ് ഏറ്റവും ഗുരുതരം. അതിനെ രക്ഷിക്കാൻ ഈ സർക്കാരിന് കഴിയില്ല. ഇന്ത്യൻ വിജയഗാഥയെ രക്ഷിക്കാൻ നാം പുതിയ സർക്കാരിനെ തിരഞ്ഞെടുക്കേണ്ടതുണ്ട്.

## ബിജെപി നയിച്ച എൻഡിഎയുടെ ദേശീയ വികസനത്തിലുള്ള സംഭാവന

കാർഷിക മേഖലയിലുൾപ്പെടെയുള്ള രംഗത്ത് ബിജെപിഭരിക്കുന്ന സംസ്ഥാനങ്ങളിലെ ജനോപകാരപ്രദമായ ശ്രദ്ധേയ നേട്ടങ്ങളിൽ പാർട്ടി അഭിമാനിക്കുന്നു.

രാജ്യത്തെ കാർഷിക വളർച്ച 3.5 ശതമാനമായതിനു രാഷ്ട്രപതി പ്രണബ് മുഖർജി കേന്ദ്ര സർക്കാരിനെ പുറത്തുതട്ടി അഭിനന്ദിക്കുന്നെങ്കിൽ ഒരു കാര്യം ശ്രദ്ധിക്കേണ്ടത് ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ദേശീയ ശരാശരിയുടെ ഇരട്ടിയാണെന്നതാണ്.

ബിജെപി-എൻഡിഎ ഭരണ സംസ്ഥാനങ്ങൾ സദ്ഭരണത്തിന്റെ നേട്ടത്തിൽ അതിവേഗ പുരോഗതിക്കുള്ള ഉദാഹരണങ്ങളായി. സ്ഥിരമായി 10 ശതമാനം വളർച്ച നിലനിർത്തുന്ന എൻഡിഎ സംസ്ഥാനങ്ങളുടെ ബലത്തിലാണ് രാജ്യം ഇന്ന് അഞ്ചു ശതമാനം വളർച്ചാ നിരക്ക് കാത്തു സൂക്ഷിക്കുന്നത്.

കേന്ദ്ര സർക്കാരിന് എൻഡിഎ സർക്കാരുകളുടെ ഈ നേട്ടം അറിയാവുന്നതാണ്. അതിനാൽതന്നെ അവർ മറ്റു കേന്ദ്ര പദ്ധതികൾ സംസ്ഥാനത്തു നടപ്പാക്കുന്നതിനെ അട്ടിമറിക്കുകയും ചെയ്യുകയാണ്.

## ബജറ്റ് 2013

ചുരുക്കത്തിൽ ജനവിരുദ്ധ പരിപാടികളിലൂടെയും നയങ്ങളിലൂടെയും കോൺഗ്രസ് സർക്കാർ സമൂഹത്തിലെ പാവങ്ങൾക്കും കർഷകർക്കും വലിയ ബാധ്യതകൾ ഉണ്ടാക്കിവച്ചിരിക്കുകയാണ്. ഇടത്തരക്കാരുടെ ആശകളും അഭിലാഷങ്ങളും തകർക്കപ്പെട്ടിരിക്കുന്നു. ഗ്രാമീണ-നഗര മേഖലകളെ ഒരേപോലെ ഇതു ബാധിച്ചിരിക്കുന്നു. തൊഴിൽ സാധ്യതയും വളർച്ചാ നിരക്കും മൂക്കു കുത്തിയിരിക്കുന്നു.

അതിനാൽ ബിജെപി ആവശ്യപ്പെടുന്നു,

- ഇന്ധനവിലവർദ്ധനയും പാചകവാതക സിലണ്ടറുകളുടെ നിയന്ത്രണവും റദ്ദാക്കുക
-ആവശ്യമായ നയമാറ്റങ്ങളിലൂടെ അവശ്യവസ്തുക്കളുടെ വില നിയന്ത്രിക്കുക
- താങ്ങുവില ഉൽപ്പാദന ചെലവും അതിന്റെ പകുതിയും ചേർത്ത് വർദ്ധിപ്പിക്കുക
- കർഷകർക്ക് മിനിമം വരുമാനമുറപ്പിക്കൽ പദ്ധതി പുനരാരംഭിക്കുക
- വരൾച്ചയും വെള്ളപ്പൊക്കവും അനുഭവിക്കുന്ന കർഷകർക്കു കടാശ്വാസം നൽകുക
- കടാശ്വാസ നേട്ടം ലഭിക്കാതെ പോയ, കാർഷിക ലോൺ എടുത്തവരിൽ അർഹതപ്പെട്ടവർക്ക് അതു ലഭ്യമാക്കുക.
-രാസവള വില താഴ്ത്താൻ വേണ്ട അടിയന്തിര നടപടിയെടുക്കുക.
- ലഭ്യമല്ലാത്തവർക്കെല്ലാം തൊഴിലും വേതനവും സുരക്ഷയും ഉറപ്പാക്കുക.

ഈ ആവശ്യങ്ങൾ നടപ്പാക്കിയില്ലെങ്കിൽ യുപിഎ സർക്കാരിന്റെ ജനവിരുദ്ധവും വികസന വിരുദ്ധവുമായ സാമ്പത്തിക നിലപാടുകൾക്കെതിരേ ബിജെപി ദേശവ്യാപക പൊതുജന സമരം നടത്തും.